# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/140/2017 പത്രക്കുറിപ്പ് 2017 ജൂലായ് 5

**പ്രൊജക്റ്റ് മൂല്യനിർണ്ണയം, വൈവാ വോസി**

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ എം. കോം നാലാം സെമസ്റ്റർ (2015 അഡ്മിഷൻ - റഗുലർ സ്റ്റഡി - സി. എസ്. എസ്/2012, 2013 & 3014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രോജക്റ്റ് മൂല്യ നിർണ്ണയവും വൈവാവോസിയും ജൂലൈ 11 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ ഒന്നും, 2016 ഡിസംബറിൽ നടത്തിയ മൂന്നും, 2017 ജനുവരിയിൽ നടത്തിയ അഞ്ചും സെമസ്റ്റർ ഡ്യുവൽ ഡിഗ്രി എം. സി. എ. ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 15 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എ മ്യൂസിക് വോക്കൽ, വീണ (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 20 വരെ സ്വീകരിക്കും.

2017 ഏപ്രിലിൽ നടത്തിയ അവസാന വർഷ ബി. എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം - 2013 അഡ്മിഷൻ റഗുലർ & 2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ഗാന്ധി നഗർ എസ്. എം. ഇ യിലെ കെ. എസ്. ഹബീബ, ഉമ ഇന്ദുചൂഢൻ, കെ. ആതിര എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 19 വരെ സ്വീകരിക്കും.

**പഞ്ചവത്സര എം. എസ്‌സി.**

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ(IIRBS) ഫെലോഷിപ്പോടുകൂടി പഞ്ചവത്സര എം. എസ്‌സി. കോഴ്സിന് അപേക്ഷിക്കാം യോഗ്യത 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ പ്ലസ് ടു (സയൻസ്). സയൻസിലും , ഗവേഷണത്തിലും പ്രത്യേക താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. അപേക്ഷ സ്വികരിക്കുന്ന അവസാന തീയതി ജൂലായ് 15. അപേക്ഷാ ഫോറത്തിനും വിശദവിവരങ്ങൾക്കും വെബ്സൈറ്റ് : www.iirbsmgu.com.

**ആർ. എൽ. വി കോളേജിൽ എം. എ പ്രവേശനം**

തൃപ്പൂണിത്തുറ ആർ. എൽ. വി കോളേജിൽ 2017 - 18 അധ്യയന വർഷം നടത്തുന്ന എം. എ (വോക്കൽ, വീണ, വയലിൻ, മൃദംഗം, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി വേഷം, കഥകളി സംഗീതം, ചെണ്ട, മദ്ദളം) ഡിഗ്രി കോഴ്സുകളിൽ പ്രവേശനത്തിന് ജൂലായ് 20 വരെ അപേക്ഷ സമർപ്പിക്കാം. ജൂലൈ 31 ന് റാങ്കു ലിസ്റ്റ് പ്രസിദ്ധപ്പെടത്തും. കോഴ്സുകളിൽ ആഗസ്റ്റ് 4 ന് പ്രവേശനം നടത്തും. 24 ന് ക്ലാസ്സുകൾ ആരംഭിക്കേണ്ടതും ഒക്ടോബർ 24 ന് പ്രവേശനം അവസാനിപ്പിക്കേണ്ടതുമാണ്. വിശദ വിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പി. എച്ച്. ഡി നൽകി.**

മഹാത്മാഗാന്ധി സർവ്വകലാശാല ബിന്ദു. എസ്. മണി (കംപ്യൂട്ടർ സയൻസ്), റോജിമോൻ. പി. തോമസ് (എൻവയോൺമെന്റൽ സയൻസസ്), എ. ആനി മേരിമെർലിൻ, നിധു നീന വർഗ്ഗീസ് (എഡ്യൂക്കേഷൻ), ആശ സജി (ബോട്ടണി), അനു ജോർജ്ജ് (റീഹാബിലിറ്റേഷൻ നഴസിങ്), ജി. ശ്രീകല (ഫിസിക്സ്) എന്നിവർക്ക് പി. എച്ച്. ഡി നൽകി.

**പ്രൊഫ : സാബു തോമസ് അദ്ധ്യക്ഷൻ**

ഇന്ത്യൻ ജ്യൂട്ട് ഇൻഡസ്ട്രീസ് റിസേർച്ച് അസോസിയേഷൻ, കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഗുജറാത്തിലെ ഗാന്ധി നഗറിൽ നടന്ന ദേശീയ പാനൽ ചർച്ചയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടർ പ്രൊഫ. സാബു തോമസ് അദ്ധ്യക്ഷത വഹിച്ചു. 'ജ്യൂട്ട് നോൺ വോവൻസ്

ആന്റ് കോമ്പോസിറ്റ്' എന്ന വിഷയത്തെ അധികരിച്ച് നടന്ന ശില്പശാലയിൽ 150 ദേശീയ, അന്തർദേശീയ ശാസ്ത്രജ്ഞരും, വ്യവസായികളും പങ്കെടുത്തു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**